പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2687 06.11.2019-ൽ മറുപടിക്ക്

## നോട്ടറിമാരുടെ നിയമനം

**ചോദ്യം**

ശ്രീ. വി. അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ. എ.കെ. ബാലൻ
(ബഹു. പട്ടികജാതി
പട്ടികവർഗ്ഗ പിന്നാക്ക
സമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നോട്ടറിമാരുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്; വിശദവിവരം ലഭ്യമാക്കുമോ; | 1952-ലെ നോട്ടറീസ് ആക്റ്റിലേയും 1956-ലെ നോട്ടറീസ് ചട്ടങ്ങളിലേയും വ്യവസ്ഥകളനുസരിച്ചാണ് സംസ്ഥാനത്ത് നോട്ടറി നിയമനം നടത്തുന്നത്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് നോട്ടറിമാരുടെ നിയമനം നടന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ഉണ്ട്, രണ്ട് പേർക്ക് നിയമനം നൽകിയിട്ടുണ്ട്. കൊല്ലം താലൂക്കിൽ ശ്രീ. പി.എൻ ഗോപിനാഥൻ നായർ, വടകര താലൂക്കിൽ ശ്രീമതി ബിന്ദു കയ്യാലിൽ എന്നിവർക്ക് യഥാക്രമം 28/07/2016, 21/12/2017 തീയതി പ്രാബല്യത്തിൽ നിയമനം നൽകിയിട്ടുണ്ട്. |
| (സി) | നിലവിൽ നോട്ടറി നിയമനത്തിന് ലിസ്റ്റ് എന്തെങ്കിലും നിലവിലുണ്ടോ; | നോട്ടറി നിയമനത്തിന് ലിസ്റ്റ് നിലവിലില്ല. |
| (ഡി) | നിലവിലെ ഒഴിവുകളിലേയ്ക്ക് എപ്പോൾ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ? | നിലവിലുള്ള ഒഴിവുകളിലേയ്ക്ക് എത്രയും വേഗം നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത്. 23.08.2018-ലെ GSR 815 (E) –ാം നമ്പർ കേന്ദ്ര വിജ്ഞാപന പ്രകാരം സംസ്ഥാന സർക്കാരിനാൽ നിയമിക്കപ്പെടാവുന്ന നോട്ടറിമാരുടെ എണ്ണം 1000-ൽ നിന്ന് 1250 ആയി ഉയർത്തിയിട്ടുണ്ട്. അപ്രകാരം വർദ്ധിപ്പിച്ച 250 ഒഴിവുകളിലേയ്ക്കുള്ള നിയമനത്തിനായി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ